പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2428

05.02. 2018 ൽ മറുപടിക്ക്

# ഇലക്ട്രിസിറ്റി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

ചോദ്യം

ശ്രീ.പി.കെ.ശശി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

(എ) നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് എത്ര രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 31.12.2017 - വരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്.

(ബി) ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ,വാട്ടർ അതോറിറ്റി,പൊതുമേഖലാ സ്ഥാപനങ്ങൾ,സ്വകാര്യ-മേഖലാ സ്ഥാപനങ്ങൾ, കേന്ദ്രസർക്കാർ വകുപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,യൂണിവേഴ്സിറ്റികൾ തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഓരോന്നും നിലവിൽ കുടിശ്ശികയിനത്തിൽ എത്ര തുക അടയ്ക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 31.12.2017 വരെയുള്ള കണക്ക് അനുസരിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 109.09 കോടി രൂപ |
| 2 | വാട്ടർ അതോറിറ്റി | 1,219.33 കോടിരൂപ |
| 3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 205.58 കോടിരൂപ |
| 4 | സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ | 550.28 കോടിരൂപ |
| 5 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 18.39 കോടിരൂപ |
| 6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 17.93 കോടിരൂപ |
| | (1) to (6) | **2,120.60 കോടിരൂപ** |

(

(സി) നിലവിൽ സ്വകാര്യ വ്യക്തികൾ,സ്ഥാപനങ്ങൾ വൻകിട/ചെറുകിടസ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിടസമുച്ചങ്ങൾ തുടങ്ങിയ ഓരോ വിഭാഗവും അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി)

| | |
|---|---|
| സ്വകാര്യ വ്യക്തികൾ | 320.62 കോടി രൂപ |
| സ്വകാര്യ വൻകിട/ ചെറുകിട സ്ഥാപനങ്ങൾ കെട്ടിട സമുച്ചയങ്ങൾ എന്നിവ | 550.28 കോടി രൂപ |

| | |
|---|---|
| (ഡി) ഇത്തരം കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും സർവീസ് കണക്ഷനുകൾ സപ്ലൈ കോഡ് 2014 ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു. |
| (ഇ) ഇപ്രകാരമുള്ള എത്ര തുകയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കോടതികളിൽ കേസ്സുകൾ നിലവിലുണ്ടെന്നും ഇവ തീർപ്പാക്കി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വിശദമാക്കുമോ ? | (ഇ) 31.12.2017-ലെ കണക്കു പ്രകാരം 420.77 കോടി രൂപയുടെ കുടിശ്ശികയ്ക്ക് കോടതി കേസുകൾ നിലവിലുണ്ട്. കേസുകളുടെ പുരോഗതി യഥാസമയം വിലയിരുത്തി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരികരിച്ചുവരുന്നു.. |

സെക്ഷൻ ഓഫീസർ